കേരള സർക്കാർ

<u>സംഗ്രഹം</u>

ദുരന്ത നിവാരണ വകുപ്പ് - സംസ്ഥാന ദുരന്ത പ്രതികരണ നിധി - പ്രകൃതിക്ഷോഭത്തിൽ / ദുരന്തത്തിൽ കേടുപാട് സംഭവിച്ച റോഡുകൾ / പാലങ്ങൾ പുനരുദ്ധാരണ പ്രവൃത്തി - ഭരണാനുമതി / സാങ്കേതികാനുമതി - പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു

**ദുരന്ത നിവാരണ വകുപ്പ്**

**സ.ഉ.(കൈ) നം./3/2018/DMD** തീയതി,തിരുവനന്തപുരം, 27/03/2018

പരാമർശം:-

1. 10.10.2012-ലെ സ.ഉ.(കൈ)നം.384/2012/ഡി.എം.ഡി.
2. 30.01.2014-ലെ സ.ഉ.(കൈ)നം.24/2015/ത.സ്വ.ഭ.വ
3. 20.05.2015-ലെ സ.ഉ.(കൈ)നം.194/2015/ഡി.എം.ഡി
4. ദുരന്ത പ്രതികരണ നിധി വിനിയോഗം സംബന്ധിച്ച് 22.02.2018-ൽ നടന്ന യോഗ തീരുമാനം

<u>ഉത്തരവ്</u>

പ്രകൃതിക്ഷോഭത്തിൽ കേടുപാട് സംഭവിച്ച റോഡുകൾ / പാലങ്ങൾ എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് ഭരണാനുമതി/ സാങ്കേതികാനുമതി നൽകുന്നതിന് 2018-19 സാമ്പത്തിക വർഷം മുതൽ താഴെപ്പറയുന്ന വ്യവസ്ഥകൾ കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) 2018-19 സാമ്പത്തിക വർഷം മുതൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഉള്ള പ്രവൃത്തികൾ നിർവ്വഹിച്ച് തീർക്കുന്നതിനുള്ള സമയം പ്രസ്തുത പ്രവൃത്തിയ്ക്ക് സർക്കാർ ഭരണാനുമതി നൽകി ഉത്തരവിറങ്ങിയ തീയതി മുതൽ ഒരു വർഷവും 6 മാസവും ആയിരിക്കും.

ii) ദുരന്ത പ്രതികരണ നിധിയിൽ നിന്നും പ്രവൃത്തി അനുവദിച്ച് ലഭിക്കുന്ന തദ്ദേശ സ്ഥാപനം സർക്കാർ ഉത്തരവ് ഇറങ്ങി 6 മാസത്തിനുള്ളിൽ ഉത്തരവിൽ അനുവദിച്ച പ്രവൃത്തി നിർവ്വഹിക്കുവാനുള്ള കരാറിൽ ഏർപ്പെട്ട് പ്രസ്തുത കരാർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചില്ലെങ്കിൽ പ്രസ്തുത ഉത്തരവ് റദ്ദാവുന്നതാണ്.

iii) അംഗീകൃത ദുരന്തത്താലാണ് നാശനഷ്ടം ഉണ്ടായതെന്നുള്ള ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ സർട്ടിഫിക്കറ്റ് കൂടി കരാറിനൊപ്പം തദ്ദേശ

സ്ഥാപനം ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണ് .

iv) സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ച് കൊണ്ട് നിർവ്വഹണം/പുനരുദ്ധാരണം നടത്തുന്ന പ്രവൃത്തികളുടെ വർക്ക് ബിൽ തയ്യാറാക്കുന്നതും, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം /റിപ്പോർട്ട് സമർപ്പിക്കുന്നതും പ്രവൃത്തി നിർവഹിക്കുന്ന തദ്ദേശ വകുപ്പ് എഞ്ചിനീയർ/പൊതു മരാമത്ത് വകുപ്പ് എഞ്ചിനീയർ/ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ എന്നിവരുടെ ഉത്തരവാദിത്തം ആണ്. പ്രവൃത്തിയുടെ നിലവാരവും, അളവുകളും, തുകയും അനുവദനീയമായ ചട്ടങ്ങൾക്ക് അനുസരിച്ചാണോ എന്ന് പരിശോധിച്ച് ഉത്തരവാദിത്ത ത്തോടെ നിർവഹിക്കേണ്ടത് പ്രവൃത്തി നിർവഹിക്കുന്ന തദ്ദേശ വകുപ്പ് എഞ്ചിനീയർ/പൊതു മരാമത്ത് വകുപ്പ് എഞ്ചിനീയർ/Block Development Officer എന്നിവരുടെ ഉത്തരവാദിത്തം ആണ്. പ്രവൃത്തി പൂർത്തിയായ ശേഷം എല്ലാ നടപടിക്രമങ്ങളും പാലിച്ച് ബില്ലുകൾ പാസ്സാക്കേണ്ടതും നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെയാണ്. ആയതിന് ശേഷം പ്രവൃത്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന നിശ്ചിത പ്രൊഫോർമ സാക്ഷ്യപ്പെടുത്തി ഭരണാനുമതി തീയതി മുതൽ 1 വർഷം 6 മാസത്തിനുള്ളിൽ ജില്ലാ കളക്ടർക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിക്കേണ്ടതാണ്.

v) പ്രൊഫാർമയിൽ നിർബന്ധമായും ഉണ്ടാകേണ്ടുന്ന വിവരങ്ങൾ.

1. പ്രവൃത്തിയുടെ പേര്
2. ഭരണാനുമതി ലഭിച്ച സർക്കാർ ഉത്തരവ് നമ്പറും, തീയതിയും
3. ജില്ലാകളക്ടർ പ്രവർത്തനാനുമതി നല്കിയ ഉത്തരവ് നമ്പറും, തീയതിയും
4. ഭരണാനുമതി തുക
5. പദ്ധതി നിർവ്വഹിച്ച ശേഷം അംഗീകരിച്ച ബിൽ പ്രകാരം പ്രവൃത്തി നടത്തിയ സ്ഥാപനം/വ്യക്തിക്ക് നൽകേണ്ട തുക

vi) സാക്ഷ്യപ്പെടുത്തിയ പ്രൊഫോർമ ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തിയുടെ ബിൽ തുക അതാത് തദ്ദേശ സ്ഥാപനത്തിന്/ നിർവ്വഹണചുമതല നൽകിയ സർക്കാർ അംഗീകൃത ഏജൻസിക്ക് ജില്ലാ കളക്ടർ അനുവദിച്ച് നൽകേണ്ടതും അതാത് തദ്ദേശ സ്ഥാപനം നിയമപ്രകാരമുള്ള എല്ലാ കിഴിവുകളും നടത്തിയ ശേഷം അനുവദിക്കാവുന്ന തുക പ്രവൃത്തി നിർവ്വഹിച്ച സ്ഥാപനം/ വ്യക്തിക്ക് നേരിട്ട് അനുവദിക്കുന്നതിന് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

vii) നിലവിലുള്ള മാനദണ്ഡപ്രകാരം അംഗീകൃത പ്രകൃതി ദുരന്തത്തിൽ

വീടുകൾക്കും കെട്ടിടങ്ങൾക്കും ഉണ്ടാകുന്ന നഷ്ടം കണക്കാക്കേണ്ടുന്നത് സാങ്കേതിക വിദഗ്ദ്ധർ ആണ്.പരാമർസം (2) ഉത്തരവ് പ്രകാരം ഓവർസിയർ വരെയുള്ള സാങ്കേതിക വിദഗ്ദ്ധർ ആണ് ഇത് ചെയ്യേണ്ടത്.

viii) തദ്ദേശ സ്ഥാപനത്തിന്റെ ഓവർസിയർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർ ഓരോ കെട്ടിടത്തിനും / വീടിനും സമർപ്പിക്കുന്ന സാങ്കേതിക നാശനഷ്ട അവലോകന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരം അനുവദനീയമായ തുക അതാത് വ്യക്തികൾക്ക് 'Direct Beneficiary Transaction' (DBT) വഴി നൽകേണ്ട ചുമതല ബന്ധപ്പെട്ട റവന്യൂ അധികാരികൾക്കാണ്.

ix) ഏതെങ്കിലും പ്രവൃത്തിയോ, ദുരിതാശ്വാസ നിർണ്ണയമോ നടത്തിയതിൽ അപാകതയോ, പരാതിയോ ഉണ്ട് എന്ന് ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത പ്രവൃത്തി/ദുരിതാശ്വാസ നിർണ്ണയം ജില്ലാ കളക്ടർ ഓരോ കേസിനും ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ നേരിട്ട് പരിശോധിക്കേണ്ടതും ജില്ലാ കളക്ടർ റിപ്പോർട്ട് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

x) മുൻപ് ഭരണാനുമതി കാലാവധിക്കുള്ളിൽ കരാർ വയ്ക്കുകയും എന്നാൽ ഭരണാനുമതി കാലാവധിക്ക് ശേഷം പ്രവൃത്തി പൂർത്തീകരിക്കുകയും ബിൽ സമർപ്പിക്കുകയും ചെയ്ത പ്രവൃത്തികൾക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതിലുണ്ടായ കാലതാമസത്തിന് കാരണം സഹിതം സർക്കാരിലേക്ക് പ്രത്യേക അപേക്ഷ ജില്ലകൾ സമർപ്പിക്കേണ്ടതാണ്. ഇവ പ്രത്യേകം പരിശോധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതാണ്.

2) ടി ഉത്തരവിലെ വ്യവസ്ഥകളിൽ / മാർഗ്ഗനിർദ്ദേശങ്ങളിൽ വീഴ്ച വരുത്തുന്നത് ഗൗരവതരമായി കണക്കാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ടി ജെ ഉണ്ണികൃഷ്ണൻ**
**ജോയിന്റ് സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ
കമ്മീഷണർ ,ഗ്രാമ വികസന വകുപ്പ്
ഡയറക്ടർ ,നഗരകാര്യ വകുപ്പ്
എല്ലാ ജില്ലാ കളക്ടർമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ്ഭവൻ പി.ഒ,, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ.&ഇ) , കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്

ധനകാര്യ വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി. (പ്രസിദ്ധീകരണത്തിന്)

പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ (റവന്യൂവും ദുരന്ത നിവാരണവും വകുപ്പ്) പേഴ്സണൽ സെക്രട്ടറിക്ക്

ഡി.എം.2, ഡി.എം.3, ഡി.എം.4 - സീറ്റുകൾക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ